# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2135** 18.03.2015 ൽ മറുപടിക്ക്

### റെയിൽവേ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>,, പി.ടി.എ. റഹിം :<br>,, സി.രവീന്ദ്രനാഥ് :<br>,, എ. പ്രദീപ്കുമാർ : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | റെയിൽവേ പദ്ധതികളുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശം കേരളം പോലുള്ള പരിമിത വിഭവശേഷിയുള്ള സംസ്ഥാനങ്ങളുടെ റയിൽ വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ സംസ്ഥാന വിഹിതം നൽകാൻ സാധിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. അങ്കമാലി ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ ചെലവിന്റെ 50%സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിർദ്ദേശം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക പരിതസ്ഥിതി കാരണം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ അറിയിക്കുകയുണ്ടായി. ഈ കാരണത്താൽ കാലടിക്കു ശേഷമുള്ള നിർമ്മാണ പ്രവർത്തികൾ റെയിൽവേ ആരംഭിക്കുകയോ ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇതു കൂടാതെ എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ എന്നീ റെയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതിക്കുള്ള ഭൂമി വിലയില്ലാതെ സൗജന്യമായി റെയിൽവേക്ക് ഏറ്റെടുത്ത് നൽകണമെന്നും കൂടാതെ പ്രസ്തുത പ്രൊജക്ടുകളുടെ നിർമ്മാണ ചെലവിന്റെ 50% |

| | | | |
|---|---|---|---|
| | | | കൂടി സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിക്കാൻ കഴിയില്ലായെന്ന് റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാത ഇരട്ടിപ്പിക്കൽ നടപടികൾ ഇക്കാരണങ്ങൾ കൊണ്ട് ആരംഭിച്ചിട്ടില്ല. |
| (സി) | കേന്ദ്രനിബന്ധനകൾ മൂലം പദ്ധതികൾ മുടങ്ങാതിരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | ഭൂമി സൗജന്യമായി നൽകുക, നിർമ്മാണ പ്രവർത്തിയുടെ ചെലവിന്റെ 50% വഹിക്കുക എന്നീ ആവശ്യങ്ങൾ സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക സ്ഥിതി പരിഗണിച്ച് വഹിക്കാൻ കഴിയില്ലായെന്നും ചെലവ് പൂർണ്ണമായും റെയിൽവേ വഹിക്കണമെന്നും റെയിൽവേയോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ സാമ്പത്തിക സഹകരണത്തോടെ ഏതെല്ലാം റെയിൽവേ പദ്ധതികൾ 2013-14 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു.; അവ നടപ്പിലാക്കിയോ? | (ഡി) | കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിനൻസ് കേന്ദ്രം, കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം ,കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനം എന്നിവയാണ് 2013-14 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്. കൊച്ചുവേളിയിലെ കോച്ച് റിപ്പയർ ആന്റ് മെയിനൻസ് കേന്ദ്രം പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ 2013-14 ൽ 5 കോടി വകയിരുത്തിയിരുന്നെങ്കിലും റെയിൽവേയിൽ നിന്നും തുടർ നടപടികളൊന്നുമുണ്ടായിട്ടില്ല. കൊല്ലം, കോട്ടയം, തൃശ്ശൂർ, എറണാകുളം , കോഴിക്കോട് റെയിൽവേ സ്റ്റേഷനുകളുടെ വികസനത്തിനായി സംസ്ഥാന സർക്കാർ 9,97,12,367/- രൂപ റെയിൽവേക്ക് 2014-15 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. |

Sajimon

സെക്ഷൻ ഓഫീസർ